"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ബ്രഹ്മപുരം മാലിന്യ സംസ്കരണ കേന്ദ്രത്തിലെ അഗ്നിബാധ - സംഭാവനയായി ലഭിക്കുന്ന തുക കൈകാര്യം ചെയ്യുന്നതിന് പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യൂ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.868/2023/LSGD തീയതി,തിരുവനന്തപുരം, 12-04-2023

---

പരാമർശം:- (1) സ.ഉ.(സാധാ) നം,3803/04/തസ്വഭവ തീയതി 30.10.2004.

(2) സ.ഉ.(സാധാ) നം.929/2021/തസ്വഭവ തീയതി 29.04.2021.

(3) കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ 23.03.2023 1SO/MOC1/3223/21 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ മാലിന്യ സംസ്കരണ കേന്ദ്രമായ ബ്രഹ്മപുരത്ത് ഉണ്ടായ അഗ്നിബാധയെ തുടർന്ന് നഗരത്തിലെ മാലിന്യ സംസ്കരണം വികേന്ദ്രീകൃതമായ രീതിയിൽ സംസ്കരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്നും നിരവധി സ്ഥാപനങ്ങളും വ്യക്തികളും നഗരസഭയുടെ വികേന്ദ്രീകൃത മാലിന്യസംസ്കരണ പദ്ധതിക്കും കൂടാതെ ദുരന്തത്തെ നേരിടാൻ സി.എസ്.ആർ. സഹായങ്ങൾ ഉൾപ്പെടെയുള്ള തുടർപ്രവർത്തനങ്ങൾക്കും സന്നദ്ധത അറിയിച്ചിട്ടുള്ളതായും ബഹു.കൊച്ചി മേയർ പരാമർശം (3) പ്രകാരം അറിയിച്ചിരിക്കുന്നു.

(2) കേരള പഞ്ചായത്ത് രാജ് / കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിൽ ചട്ടം 3(4) പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഭാവനയായി ലഭിക്കുന്ന തുക കൈകാര്യം ചെയ്യുന്നതിന് നഗരസഭാ സെക്രട്ടറിയുടെ പേരിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സംഭാവനയായി ലഭിക്കുന്ന തുക കൈകാര്യം ചെയ്യുന്നതിനായി ആരംഭിച്ച ഈ അക്കൗണ്ട് (A/c 43002010046966) ബ്രഹ്മപുരം മാലിന്യ സംസ്കരണ കേന്ദ്രത്തിലുണ്ടായ അഗ്നിബാധ ദുരന്തവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന തുടർപ്രവർത്തനങ്ങൾക്കും, വികേന്ദ്രീകൃത മാലിന്യസംസ്കരണത്തിനും സംഭാവനയായി ലഭിക്കുന്ന

തുക കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക അനുമതി നൽകണമെന്ന് ബഹു.കൊച്ചി കോർപ്പറേഷൻ മേയർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംഭാവനയായി ലഭിക്കുന്ന തുക കൈകാര്യം ചെയ്യുന്നതിനായി കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ നിലവിലുള്ള അക്കൗണ്ട് (A/c 43002010046966) ബ്രഹ്മപുരം മാലിന്യ സംസ്കരണ കേന്ദ്രത്തിലുണ്ടായ അഗ്നിബാധ ദുരന്തവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന തുടർപ്രവർത്തനങ്ങൾക്കും വികേന്ദ്രീകൃത മാലിന്യസംസ്കരണത്തിനും സംഭാവനയായി ലഭിക്കുന്ന തുക കൈകാര്യം ചെയ്യുന്നതിനായി പരാമർശം (2) ഉത്തരവ് പ്രകാരം അനുവദനീയമാണ് എന്നറിയിക്കുന്നു. സൂചന (1) ഉത്തരവ് പ്രകാരമുള്ള രസീത്, ക്യാഷ് ബുക്ക്, വൗച്ചർ എന്നിവ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മേയർ,കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ് I) / (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്.
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sheeba S C
Date: 12-04-2023 15:05:47
സെക്ഷൻ ഓഫീസർ

പകർപ്പ് :-
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്